DESPATCHED On 22/2/2020

01/01/2020



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 120*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. 493/*എസ്.ഐ.സി-ജി 6/2019*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ആർ സുരേഷ് കുമാർ**
**'നാരായണവിലാസം',**
**കീരിക്കുഴി,**
**ചെമ്പഴന്തി. പി. ഒ.,**
**തിരുവനന്തപുരം – 695587.**

} **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഹെഡ്മിസ്ട്രസ്, തുണ്ടത്തിൽ മാധവവിലാസം ഹയർ സെക്കന്ററി സ്കൂൾ കാര്യവട്ടം പി.ഒ ,തിരുവനന്തപുരം 695581**

2. **അപ്പീൽ അധികാരി /വിവരാവകാശ ഓഫീസർ, ഡി.പി.ഐ ജംഗ്ഷൻ, വഴുതയ്ക്കാട് 695014.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 31.08.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 10.10.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 08.01.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 11.01.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 08.08.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 19.08.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 07.09.2019 – കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 31.08.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് 1976 ൽ 8–ാം ക്ലാസ്സു മുതൽ 1979–80 വർഷം. എസ്.എസ്.എൽ.സി വരെ തുണ്ടത്തിൽ മാധവ വിലാസം ഹയർ സെക്കണ്ടറി സ്കൂളിൽ ടിയാൻ വിദ്യാർത്ഥി ആയിരുന്നുവെന്നും 1980 ൽ എസ്.എസ്.എൽ.സി എഴുതിയെന്നും, എസ്.എസ്.എൽ.സി ബുക്ക് കൈമോശം വന്നുവെന്നും ആയതിന്റെ ഡ്യൂപ്ലിക്കേറ്റ് എടക്കുന്നതിനായി ഇനം 1–ൽ എസ്.എസ്.എൽ.സി ബുക്കിന്റെ രജി.നമ്പർ ഇനം 2ൽ എസ്.എസ്.എൽ.സി ബുക്കിന്റെ മാർക്കും മറ്റു വിവരണങ്ങളും രേഖപ്പെടുത്തിയ രജിസ്റ്ററിന്റെ ബന്ധപ്പെട്ട പേജുകളുടെ പകർപ്പുകൾ ആവശ്യമാണെന്നും തുടങ്ങി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് എതിർകക്ഷി മറുപടി നൽകിയില്ല.
3. ഹർജിക്കാരൻ 10.10.2018 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ 31.08.2018 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ മറുപടി നൽകിയില്ലെന്നും അപ്പീൽ പരിഗണിച്ച് മറുപടി നൽകണമെന്നുമാണ്.
4. 08.01.2019 ന് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ അപേക്ഷ സമർപ്പിക്കുകയും മേൽപ്പടി അപേക്ഷയിൻമേൽ ഹിയറിംങിനു ഹാജരാകാൻ ഇരു കക്ഷികൾക്കും കത്ത് നൽകുകയും 07.09.2019 ന് ഹർജിക്കാരനും എതിർകക്ഷിയും ഹിയറിംങിനു ഹാജരാകുകയും ഇരു കക്ഷികളെയും വിശദമായി കേട്ട കമ്മീഷൻ എതിർകക്ഷിയോട് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിനത്തിൽ 24.09.2019 ൽ റിപ്പോർട്ട് സമർപ്പിക്കുകയും, ആയതിൽ പ്രസ്താവിച്ച്, രേഖകൾ വിശദമായി പരിശോധിച്ചതിൽ നിന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ കാലപ്പഴക്കം കൊണ്ട് നശിച്ചു പോയെന്നും, ആയത് ടിയാനെ അറിയിച്ചിട്ടുണ്ടെന്നും, ഡ്യൂപ്ലിക്കേറ്റ് രജിസ്റ്റർ നശിച്ചുപോയെന്നുള്ള വിവരം ഉൾപ്പെടുത്തി പരീക്ഷഭവനിൽ കൊടുക്കാനുള്ള മറുപടി നൽകാമെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്റെയും ഹാജരായ ഇരു കക്ഷികളുടെ മൊഴിയുടെയും അടിസ്ഥാനത്തിലും, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേ ദിവസം 2020 ജനുവരി 1–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

**(ഒപ്പ്)**

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

res